# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA.PKD.10-1455/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.10-1455/2022 തീയ്യതി: 14/07/2022

## പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശശിഭൂഷൺ ഇ | ഡെപ്യൂട്ടി ഡയറക്ടർ | 01-06-2022 | 09-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-06-2022 | 09-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റോബർട്ട്. കെ.ജി, ഓഡിറ്റ് ഓഫീസർ

രമാദേവി.കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ,

രാജൻ കെ, ഓഡിറ്റർ ട്രെയിനി.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.കവിതാ മാധവൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| | | 30-11-2020 | 31-03-2021 |
| അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 30-11-2020 |
| ശ്രീ.മണികണ്ഠൻ.ആർ | സെക്രട്ടറി | 01-04-2020 | 10-06-2020 |
| ശ്രീ.ഷാജി ഡാനിയേൽ | സെക്രട്ടറി | 11-06-2020 | 15-06-2020 |
| ശ്രീ.ഹരിദാസ് | സെക്രട്ടറി | 15-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിനേഷ്.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. അമർലിറ്റി ഐസക്ക് | വെറ്ററിനറി സർജ്ജൻ | 01-04-2020 | 18-09-2020 |
| ഡോ.ശ്രീജിഷ | വെറ്ററിനറി സർജ്ജൻ | 18-09-2020 | 31-03-2021 |
| ശ്രീമതി.നീരജ ഉണ്ണി | കൃഷി ഓഫീസർ | 01-04-2020 | 08-09-2020 |
| ശ്രീമതി.റാണി.ആർ ഉണ്ണിത്താൻ | കൃഷി ഓഫീസർ | 08-09-2020 | 08-10-2020 |
| ശ്രീമതി.മാനസ | കൃഷി ഓഫീസർ | 08-10-2020 | 31-03-2021 |
| ശ്രീ.ജയപ്രകാശ്.സി.സി | ഡി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ.പ്രദീപ് കെ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ.ദിലീപ് | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. നജീമ. എം | എച്ച് എം | 01-04-2020 | 31-03-2021 |
| ശ്രീമതി.ചെല്ല | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ഷാജി ഡാനിയേൽ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീമതി.ഷീന.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 19-06-2020 | 31-03-2021 |
| ഡോ.മുഹാസ് കെ.കരിം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 02-02-2021 |
| ഡോ.ധന്യ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 03-02-2021 | 31-03-2021 |
| ഡോ.ലക്ഷ്മി.ജി.കർത്താ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ramadevi.K.R (Senior Grade Auditor, On 19-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Ramadevi.K.R (Senior Grade Auditor, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-2 |
| 3 | സാമ്പത്തികവിശകലനം<br>Written By: Ramadevi.K.R (Senior Grade Auditor, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 03-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ramadevi.K.R (Senior Grade Auditor, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 03-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: K. Rajan (Auditor Trainee, On 14-06-2022)<br>Last Updated By: K.G.Robert (Audit Officer, On 03-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ramadevi.K.R (Senior Grade Auditor, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-10 |
| 11 | ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: K. Rajan (Auditor Trainee, On 19-06-2022)<br>Last Updated By: K. Rajan (Auditor Trainee, On 19-06-2022) | 1-11 |
| 12 | അനുപൂരക പോഷകാഹാരം-റ്റി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 19-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-12 |
| 13 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: K. Rajan (Auditor Trainee, On 19-06-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 1-13 |
| 14 | ലൈഫ് പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: K. Rajan (Auditor Trainee, On 19-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-14 |
| 15 | വനിത സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡി -അപാകതകൾ<br>Written By: K. Rajan (Auditor Trainee, On 19-06-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 1-15 |
| 16 | പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 1-16 |
| 17 | പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കി വെള്ളക്കരം കുറവു ചെയ്യേണ്ടതാണ് | 1-17 |

| | | |
|---|---|---|
| | Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | |
| 18 | സ്ട്രീറ്റ് ലൈറ്റുകളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 1-18 |
| 19 | ദുരിതാശ്വാസ നിധി രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Ramadevi.K.R (Senior Grade Auditor, On 30-06-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-19 |
| 20 | ക്ഷീര വികസന പദ്ധതി -ഒരു വിഭാഗം കർഷകർക്ക് സബ്സിഡി അവസരം ലഭ്യമാകുന്നില്ല.<br>Written By: K.G.Robert (Audit Officer, On 02-07-2022)<br>Last Updated By: K.G.Robert (Audit Officer, On 03-07-2022) | 1-20 |
| 21 | തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല<br>Written By: K.G.Robert (Audit Officer, On 02-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 02-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 03-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 02-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 02-07-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 02-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Ramadevi.K.R (Senior Grade Auditor, On 03-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Ramadevi.K.R (Senior Grade Auditor, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ramadevi.K.R (Senior Grade Auditor, On 03-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Ramadevi.K.R (Senior Grade Auditor, On 03-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 02-07-2022)<br>Last Updated By: Haseena KU (Computer Assistant, On 05-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 03-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 03-07-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 05-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികക്കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

14-02-2019-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം.1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 24-3-2020 ലെ തീരുമാനം നം. 2/1പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 22130513 |
| തൻവർഷം വരവ് | 244793722 |
| ആകെ വരവ് | 266924235 |
| ചെലവ് | 238622500 |
| നീക്കിയിരിപ്പ് | 28301735 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 03-05-2021 | -ഇല്ല.- | -ബാധകമല്ല.- |

### 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33520684 |
| വരവ് | 149935361 |
| ആകെ | 183456045 |
| ചെലവ് | 169423956 |
| നീക്കിയിരിപ്പ് | 14032089 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 26541313 | 26541313 | 23407981 | 3133332 |
| വികസനഫണ്ട് -എസ്.സി.പി (**) | 0 | 12437529 | 12437529 | 10962201 | 1475328 |
| വികസനഫണ്ട് -ടി.എസ്.പി (***) | 0 | 991643 | 991643 | 898147 | 93496 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 24011000 | 24011000 | 23960073 | 50927 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7769613 | 7769613 | 7769613 | 0 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് | 0 | 6054412 | 16054412 | 15303686 | 750726 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക 1883400, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് 2809412 എന്നിവയുള്ള ചെലവ് തുകയായ 4692812 മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയുള്ള ചെലവ് തുകയായ 161059 മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 557432 | 1423959 | 1981391 | 1445001 | 536390 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 358232 | 1996341 | 2354573 | 2341322 | 13251 |
| എം.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെ വേതനം | 0 | 2764828 | 2408988 | 2412702 | 0 |
| ആകെ | 2392 | 4761169 | 4763561 | 4754024 | 9537 |

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം-1 | 49067 | 0 | 49067 | 0 | 49067 |

സംസ്ഥാനാവിഷ്കാവിഷ്കൃതം

ശുചിത്വ മിഷൻ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 636546 | 4240731 | 4877277 | 1297518 | 3579759 |
| ലൈഫ് | 34409412 | 3400000 | 37809412 | 3870471 | 33938941 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 337 | 232269397 | 236 | 124560619 | -- | 51 | 53.63 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 74.6% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 60.2% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

1-5-1

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 11 | 22423120 | 11668380 | 52.04 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 2823500 | 1768000 | 62.62 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 5 | 1990300 | 1659993 | 83.4 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 495000 | 495000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 1920000 | 0 | 0 |
| വി.ഇ.ഒ | 25 | 14 | 85757350 | 17228899 | 20.09 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 4554022 | 3669116 | 80.57 |
| സെക്രട്ടറി | 48 | 34 | 17074871 | 12676619 | 74.24 |
| അസി.സെക്രട്ടറി | 20 | 16 | 5767951 | 4115309 | 71.35 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 199 | 173 | 58644009 | 37882210 | 64.6 |
| എച്ച്.എം | 8 | 7 | 3740949 | 3604654 | 96.36 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1250000 | 1250000 | 100 |
| ആകെ | 336 | 273 | 232269397 | 124560619 | 53.63 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 358232 | 1996341 | 2354573 | 2341322 | 13251 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 55204185 | 55204185 | 55204185 | 0 |
| ആകെ | 358232 | 57200526 | 57558758 | 57545507 | 13251 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 19115400 | 1306 |
| 2 | വിധവാ പെൻഷൻ | 25088600 | 1669 |
| 3 | വാർദ്ധക്യകാല പെൻഷൻ | 47062500 | 3507 |
| 4 | വികലാംഗ പെൻഷൻ | 6759800 | 451 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷന് | 817200 | 55 |
| 6 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 570000 | 19 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.06.2022 തിയ്യതിയിൽ 12.30 ന് സ്ഥാപനത്തിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4110/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്. രേഖകളെല്ലാം നല്ല രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2013-14മുതൽ 2017-18 വരെയുള്ള കണക്കുകളാണ്

പരിശോധിച്ചിട്ടുള്ളത്. നിലവിൽ 5 പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നു.

പെർഫോമൻസ് ഓഡിറ്റ് ഫെബ്രുവരി 2022വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

## 1-11 ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2020-21 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

(എ) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകളുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. 2020-2021 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾക്ക് ലൈസൻസ് എടുത്തതായി കാണാൻ കഴിഞ്ഞില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ എണ്ണം, ലൈസൻസ് എടുപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(ബി) 31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ രീതിയിലാണ് 2020-21 വർഷം ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. പല അപേക്ഷകളിലും മൂലധനനിക്ഷേപം ഉൾപ്പെടെയുള്ള കോളങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി അനുമതി കൂടാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/6.6.22) മറുപടിയായി (എ) ഗ്രാമപഞ്ചായത്ത് പരിധിയിൽ 15 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും നോട്ടീസ് നൽകിയിട്ടും ലൈസൻസ് എടുക്കാത്ത സാഹചര്യത്തിൽ ആർ.ആർ.നടപടികൾ സ്വീകരിക്കുകയും ഒരാൾ മാത്രം ലൈസൻസ് എടുക്കുകയും മറ്റു വ്യാപാരികൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ ആർ.ആർ.നടപടികൾ സ്റ്റേ ചെയ്തിരിക്കുകയുമാണെന്ന് സെക്രട്ടറി അറിയിച്ചു. (ബി) നിലവിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചിരിക്കുന്നത് എന്നും അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തു തന്നെ പൂർണ്ണമാണോ എന്നു ഉറപ്പു വരുത്തി തുടർ നടപടികൾ സ്വീകരിക്കാമെന്നും അറിയിച്ചു. (സി) ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കാമെന്നും നിലവിൽ ഫീൽഡ് വെരിഫിക്കേഷൻ നടത്തി എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി സെക്രട്ടറി അറിയിച്ചു.

## 1-12 അനുപൂരക പോഷകാഹാരം-റ്റി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് | 25/2020-21 അനുപൂരക പോഷകാഹാരം (ജനറൽ) |
| അടങ്കൽ | വികസന ഫണ്ട്-700000/- |

| | |
|---|---|
| | കേന്ദ്രവിഹിതം-1445001/-<br>തനത് ഫണ്ട് -482244/-<br>ബ്ലോക്ക് പഞ്ചായത്ത് - 100000/-<br>ആകെ - 2727245/- |
| ചെലവ് | വികസന ഫണ്ട്-700000/-<br>കേന്ദ്രവിഹിതം-1500000/-<br>തനത് ഫണ്ട് - 700000/-<br>ബ്ലോക്ക് പഞ്ചായത്ത് - 100000/-<br>ആകെ - 3000000/- |
| ബിൽ /ചെക്ക് നം/തിയതി | 2/11.6.20-606502/-<br>5/3.3.21-93498/-<br>നം.1175236/16.1.21-100000/-<br>നം. 678803019/16.1.21-559367/- |

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീയതി 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവർത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്റ്റ് പ്രകാരമുള്ള വാങ്ങലുകളിന്മേൽ ഉദയനന്ദനം ഫുഡ്സ്, പാറക്കുളം, ചാളക്കൽ, കണ്ണാടി (GSTIN-32AADFU6472DIZC) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

ചെലവിന്റെ വിശദ വിവരം.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (ജി.എസ്.ടി ഒഴികെ) |
|---|---|---|
| 1 | 611/19.11.19 | 2625/- |
| 2 | 613/19.11.19 | 30624/- |
| 3 | 630/19.12.19 | 105000/- |
| 4 | 632/19.12.19 | 30624/- |

| | | |
|---|---|---|
| 5 | 651/31.1.20 | 50715/- |
| 6 | 653/31.1.20 | 11252/- |
| 7 | 667/28.2.20 | 99960/- |
| 8 | 669/28.2.20 | 30276/- |
| 9 | 772/25.8.20 | 137130/- |
| 10 | 462/18.3.19 | 89460/- |
| 11 | 584/24.8.19 | 104860/- |
| 12 | 591/26.10.19 | 29580/- |
| 13 | 687/30.3.20 | 3016/- |
| 14 | 704/27.4.20 | 111510/- |
| 15 | 705/27.4.20 | 34452/- |
| 16 | 724/30.5.20 | 132300/- |
| 17 | 725/30.5.20 | 31784/- |
| 18 | 743/26.6.20 | 113400/- |
| 19 | 744/26.6.20 | 31784/- |
| 20 | 761/29.7.20 | 34684/- |
| 21 | 773/25.8.20 | 33988/- |
| | ആകെ | 1249024/- |

ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് കുറവ് ചെയ്യാതെ തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.5/7.6.22) നൽകിയ മറുപടിയിൽ സ്ഥാപനം 2020-21 സാമ്പത്തിക വർഷത്തിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ പകർപ്പ് നിർവഹണ ഉദ്യോഗസ്ഥ ഹാജരാക്കിയിട്ടുണ്ട്. ഭാവിയിൽ ടി.ഡി.എസ്. ബാധകമാവുന്ന സാധനങ്ങൾ വാങ്ങുമ്പോൾ കരാറിന്റെ മൂല്യം 2.50 ലക്ഷത്തിന് മുകളിലാണെങ്കിൽ ബില്ലിൽ നിന്നും ജി.എസ്.ടി. -ടി.ഡി.എസ്. കുറവ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 43 അങ്കണവാടികളുടെ നിലവിലെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ സി ഡി എസ് സൂപ്പർവൈസറിൽ നിന്നും ഓഡിറ്റ് അന്വേഷണം നം. 4/7.6.2022 മുഖേന ലഭ്യമായ റിപ്പോർട്ടിലെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 43 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 28 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 15 |
| 4 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | 12 |
| 5 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 0 |
| 6 | ചുറ്റുമതിൽ ഇല്ലാത്തവ | 15 |
| 7 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 3 |
| 8 | വയറിംഗ് കഴിഞ്ഞിട്ടും വൈദ്യുതീകരിക്കാത്തവ | 0 |

| | | |
|---|---|---|
| 9 | ധാന്യസംഭരണി ഇല്ലാത്തവ | 0 |
| 10 | കളിപ്പാട്ടങ്ങൾ ഇല്ലാത്തവ | 0 |
| 11 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവ | 0 |
| 12 | ടോയ് ലെറ്റ് ഇല്ലാത്തവ | 3 |
| 13 | ഫാൻ ഇല്ലാത്തവ | 7 |
| 14 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 3 |

സർക്കുലർ നം. 39033/ഡി.സി.2/2 ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമായ കേന്ദ്ര സഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരം 31.3.2021 ന് കേന്ദ്ര വിഹിതമിനത്തിൽ 510293/- രൂപ വിനിയോഗിക്കാതെ ശേഷിക്കുന്നുണ്ട്. ഓഡിറ്റ് അന്വേഷണം മുഖേന ലഭ്യമായ വിവരപ്രകാരം 43 അങ്കണവാടികളിൽ 3 എണ്ണം ടോയ്ലെറ്റ് ഇല്ലാത്തവയും 7 എണ്ണത്തിന് ഫാൻ ഇല്ല, 3 എണ്ണത്തിന് കുടിവെള്ള കണക്ഷൻ എന്നിവയില്ലാത്ത അങ്കണവാടികൾക്ക് ഇവ നിർമ്മിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കേണ്ടതും തുടർനടപടികൾ കൈക്കൊള്ളേണ്ടതുമാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഐ.സി.ഡി.എസ് കേന്ദ്രവിഹിതം ഇനത്തിൽ നാളിതു വരെ ചെലവഴിക്കാത്ത തുക കൂടി പ്രയോജനപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ലൈഫ് പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ലൈഫ് പദ്ധതികളുടെ ചെലവ് രേഖകൾ, വാച്ച് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ എഗ്രിമെന്റിലേർപ്പെടുകയും ഭാഗികമായി തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡു കൈപ്പറ്റിയ തിയതി | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ഡോളി വിത്സൻ, തോട്ടപ്പിള്ളി ഹൌസ്, മണലികുളമ്പ്, | 10.8.2018 | 260000/- |
| 2 | സുഹറ.വി. എസ്.എസ്. ഹൌസ്, ചീരക്കുഴി. | 10.8.2018 | 200000/- |

മേൽപ്പറഞ്ഞ പദ്ധതികളിൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്റ്റേജ്, പൂർത്തിയാക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരം എന്നിവ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 6/8.6.2022) നൽകിയ മറുപടിയിൽ ക്രമ നം.(1) ഗുണഭോക്താവിന് അസുഖം മൂലം വീട്ടു പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്നും എന്നാൽ 20.05.2022 ന് ലിന്റിൽ വാർപ്പ് വരെ പണി പൂർത്തിയായെന്നും അടുത്ത ഗഡു തുക നൽകി നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ക്രമ നം (2) ലിന്റിൽ സ്റ്റേജ് വരെ പൂർത്തിയാക്കിയിട്ടുണ്ടെന്നും ബാക്കി പണി പൂർത്തിയാക്കുന്നതിന് നേരിട്ടും കത്തു മുഖേനയും ബന്ധപ്പെട്ടിട്ടും വീട് പണി പൂർത്തിയാക്കുന്നതിന് താൽപ്പര്യം കാണിക്കുന്നില്ല എന്നും തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നിർവഹണ ഉദ്യോഗസ്ഥനും മോണിറ്ററിംഗ്

സമിതിയും ത്വരിതപ്പെടുത്തേണ്ടതാണ്.

1-15 വനിത സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡി -അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | 241/20-21- വനിത സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡി |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |
| അടങ്കൽ | വികസന ഫണ്ട് ജനറൽ-1400000/-<br>ആകെ- 1400000/- |
| ചെലവ് | വികസന ഫണ്ട് ജനറൽ-1400000/-<br>ആകെ- 1400000/- |
| ബിൽ നം/തിയതി | 1/20.4.20-1400000/- |

കുടുംബശ്രീ യൂണിറ്റുകൾക്ക് വനിത സ്വയം സഹായ സംരംഭങ്ങൾക്ക് സബ്സിഡി എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | കുടുംബശ്രീ യൂണിറ്റിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | സൗഭാഗ്യ ബ്യൂട്ടി പാർലർ | 200000/- |
| 2 | കാർത്തിക ടൈലറിംഗ് യൂണിറ്റ് | 200000/- |
| 3 | ആശ്രയ ബാഗ് നിർമ്മാണം | 200000/- |
| 4 | മഹിമവനിത സേവന കേന്ദ്രം | 200000/- |
| 5 | ഒരുമ ടൈലറിംഗ് | 200000/- |
| 6 | ലക്ഷ്യ ടൈലറിംഗ് | 200000/- |
| 7 | ഭാഗ്യലക്ഷ്മിബ്യൂട്ടിപാർലർ | 200000/- |
| | | 1400000/- |

നിർവഹണ ഉദ്യോഗസ്ഥനും സംരംഭക യൂണിറ്റുകളുമായി കരാർ ചമച്ച ശേഷമാണ് യൂണിറ്റുകൾക്ക് തുക നൽകേണ്ടത്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചതായി കാണുന്നില്ല. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഇല്ല. റിവോൾവിങ്ങ് ഫണ്ട് തുക ഉപയോഗിച്ച് അയൽക്കൂട്ട അംഗങ്ങൾക്ക് വായ്പ നല്കി വരുമാനദായക പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണെന്നും 10 വർഷക്കാലംവരെ ടി സംഖ്യ അംഗങ്ങൾക്ക് വീതിച്ച് നൽകുവാനോ പാടില്ല എന്ന് നിബന്ധന ഉണ്ട്. ഇത് കൂടാതെ കുടുംബശ്രീ യൂണിറ്റ് പിരിച്ചുവിടുകയാണെങ്കിൽ റിവോൾവിങ്ങ് ഫണ്ട് തുക തിരികെ അടവാക്കണമെന്നും വ്യവസ്ഥയുണ്ട്. റിവോൾവിങ്ങ് ഫണ്ട് ലഭിച്ചശേഷം ഏതെങ്കിലും ഗ്രൂപ്പ് പിരിയുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് (നം.6/8.6.2022) മറുപടിയായി 7 കുടുംബശ്രീ യൂണിറ്റുകളും വിജയകരമായി പ്രവർത്തനം നടത്തുന്നുണ്ടെന്നും റിവോൾവിംഗ് ഫണ്ട് ലഭിച്ച ശേഷം ഗ്രൂപ്പുകൾ പിരിയുകയോ തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ലെന്നും ഗ്രൂപ്പുകളുമായി കരാർ ചമക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും കുടുംബശ്രീ യൂണിറ്റുകളുടെ തുടർപ്രവർത്തനങ്ങൾ മോണിറ്ററിങ്ങ് സമിതി നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാമെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ നിർവഹണ ഉദ്യോഗസ്ഥനും മോണിറ്ററിംഗ് സമിതിയും കൃത്യമായി വിലയിരുത്തി കരാർ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-16 പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായുള്ള ,താഴെ കൊടുത്തിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് | ഏജൻസി |
|---|---|---|---|---|
| 1. | 402/21-പൈപ്പ് ലൈൻ മാറ്റൽ | 397000(CFC) | 397000 ബിൽ നം 36/4.2.2021 | KWA PH ഡിവിഷൻ, ആലത്തൂർ |
| 2 | 21/21-സ്ട്രീറ്റ് ലൈറ്റിന് മീറ്റർ സ്ഥാപിക്കൽ | 100000(MG-NR ) | 87556 ബിൽ നം 45/18.3.2021 | കെ എസ് ഇ ബി കിഴക്കഞ്ചേരി സെക്ഷൻ |
| 3 | 251/21-മമ്പാട് കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 300000(വികസന ഫണ്ട്- ജനറൽ) | 300000 ബിൽ നം 7/30.4.2020 | KWA PH ഡിവിഷൻ, ആലത്തൂർ |
| 4 | 278/21-വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റിന് ലൈൻ ദീർഘിപ്പിക്കൽ | 1000000(CFC) | 40828 ബിൽ നം 18/10.8.2021 | KSEB , മുടപ്പല്ലൂർ സെക്ഷൻ |
| | | | 959172 ബിൽ നം 18/10.8.2021 | KSEB കിഴക്കഞ്ചേരി സെക്ഷൻ |

തനത് ഫണ്ടിൽ നിന്നും അനുവദിച്ചത്

| ക്രമ നം | പദ്ധതി | തുക | നിർവഹണ ഏജൻസി |
|---|---|---|---|
| 1 | മാന്ത്രാംപള്ളം കുടിവെള്ള പദ്ധതി | 7618 | KSEB കിഴക്കഞ്ചേരി |
| 2 | വരുത്തിക്കോട് | 19741 | KSEB കിഴക്കഞ്ചേരി |
| 3 | നാഗമ്പാറ എസ് സി കോളനി | 14279 | KSEB കിഴക്കഞ്ചേരി |
| 4 | പുത്തൻകുളമ്പ് | 6778 | KSEB കിഴക്കഞ്ചേരി |
| 5 | പാറക്കടവ്-കാരപ്പാടം നടപ്പാത | 7972 | KSEB കിഴക്കഞ്ചേരി |
| 6 | വാൽക്കുളമ്പ് കോരഞ്ചിറ റോഡ് | 9507 | KSEB കിഴക്കഞ്ചേരി |
| 7 | പക്കീരികുളമ്പ് | 8282 | KSEB കിഴക്കഞ്ചേരി |
| 8 | വക്കാല നെല്ലികുളമ്പ് റോഡ് വീതിയാക്കൽ | 26023 | KSEB കിഴക്കഞ്ചേരി |
| 9 | പാണാംപരുത റോഡ് വീതിയാക്കൽ | 6596 | KSEB കിഴക്കഞ്ചേരി |

1-17 പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കി വെള്ളക്കരം കുറവു ചെയ്യേണ്ടതാണ്

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു കുടിവെള്ള ടാപ്പുകൾക്ക് 162750 രൂപ പ്രതിമാസ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. പ്രതിവർഷം 19.53ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിക്കുന്നുണ്ട്. തുക ഒടുക്കുന്നത് കൃത്യമായ സ്ഥിതി വിവര കണക്കുകളെ അടിസ്ഥാനമാക്കിയാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ

ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഏറ്റവുമൊടുവിൽ നടന്ന പൊതുടാപ്പുകളുടെ സംയുക്ത പരിശോധനാ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സംയുക്ത പരിശോധന നടന്നിട്ടില്ലാത്തപക്ഷം ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗാർഹിക കണക്ഷനുകൾക്ക് പ്രോത്സാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ച് വിശദവിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-18 സ്ട്രീറ്റ് ലൈറ്റുകളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ എണ്ണം, തരം , സ്ഥാപിച്ച തിയതി, വാറണ്ടി പീരിയഡ്, റിപ്പയർ വിവരങ്ങൾ എന്നിവ സഹിതം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

തെരുവു വിളക്കുകളുടെ കൃത്യമായ കണക്കുകളില്ലാതെയാണ് റിപ്പയർ പ്രവർത്തികൾ നടപ്പാക്കിയിട്ടുള്ളത്. പുതിയതായി സ്ഥാപിച്ച തെരുവുവിളക്കുകളുടെ വാറണ്ടി കാലയളിനുള്ളിൽ വരുന്ന കേടുപാടുകൾ തീർക്കുന്നത് ഇത് ഇൻസ്റ്റാൾ ചെയ്ത സ്ഥാപനത്തിന്റെ ചുമതലയാണ്. വാറണ്ടി പീരിയഡ് കഴിഞ്ഞ ബൾബുകളാണ് റിപ്പയർ ചെയ്യുന്നത് എന്ന് പദ്ധതിയുടെ നടത്തിപ്പ് സമയത്ത് ഉറപ്പാക്കേണ്ടതാണ്. (എൻക്വയറി 10/9-6-22).

1-19 ദുരിതാശ്വാസ നിധി രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

Kerala Panchayat Raj (Constitution And Utilisation Of Distress Relief Fund) Rules, 2003 നിയമമനുസരിച്ച് അടിയന്തിര സഹായം ആവശ്യമായ ആൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡന്റിന് 500 രൂപ വരെ ധനസഹായം അനുവദിക്കാവുന്നതാണ്. പ്രകൃതി ദുരന്തങ്ങൾ , ദീർഘകാല രോഗങ്ങൾ , അപകടങ്ങൾ എന്നവയാൽ കഷ്ടപ്പെടുന്ന ആൾക്കാർക്ക് ഇത്തരത്തിൽ ധനസഹായം അനുവദിക്കാവുന്നതാണ്. ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും, ടി ഫണ്ടിനുള്ള ധനം സമാഹരിക്കുന്നതിനും, അടിയന്തിരഘട്ടത്തിൽ അനുവദനീയമായ സഹായങ്ങൾ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

1-20 ക്ഷീര വികസന പദ്ധതി -ഒരു വിഭാഗം കർഷകർക്ക് സബ്സിഡി അവസരം ലഭ്യമാകുന്നില്ല.

2020-21 സാമ്പത്തിക വർഷത്തെ ക്ഷീര വികസന പദ്ധതിയുടെ പ്രോജക്ടുകളുടെ ഓഡിറ്റ് പരിശോധനാ വേളയിൽ ഗ്രാമ പഞ്ചായത്തിലെ നിവാസികളും പശുവളർത്തൽ മുഖ്യ തൊഴിലാക്കിയ എല്ലാ ക്ഷീര കർഷകർക്കും പാലുല്പ്പാദനത്തിന് അനുസൃതമായി സബ്സിഡി ലഭ്യമാകുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടു. ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്യാത്തതും പാൽ സൊസൈറ്റികളിൽ അളക്കാത്തതുമായ കർഷകർക്ക് ഉല്പ്പാദനത്തിന് അനുസൃതമായി സബ്സിഡി ലഭ്യമാകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ടി വിവരം ഓഡിറ്റിനെ അറിയിക്കുവാൻ 4-6-2022ന് 1/20-21-ാം നമ്പറായി നല്കിയ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. ഗുണഭോക്താക്കളുടെ അപേക്ഷകൾ, പ്രാഥമിക അർഹതാ നിർണ്ണയപരിശോധനാ വിവരങ്ങൾ എന്നിവ ഒന്നും തന്നെ ഫയലിനോടൊപ്പം ഹാജരാക്കിയിരുന്നില്ല. വിശദമായ പരിശോധനയിൽ വ്യക്തിഗത അപേക്ഷകൾ ക്ഷണിക്കാതെ ക്ഷീര വികസന സൊസൈറ്റികളിൽ പാലളക്കുന്നവരുടെ ലിസ്റ്റ് എടുക്കുകയും ആയത് ഗ്രാമസഭകളിൽ വച്ച് അംഗീകാരം വാങ്ങി പ്രോജക്ട് നടപ്പിലാക്കുന്ന രീതിയാണ് ഇവിടെ അവലംബിച്ച് വരുന്നതെന്ന്

കണ്ടെത്തി. ആയത് ക്രമപ്രകാരമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇവിടെ ഒരു സബ്സിഡി വിതരണ പ്രോജക്ട് നടപ്പിലാക്കുമ്പോൾ ക്ഷീര വികസന സൊസൈറ്റികളിൽ പാലളക്കുവാൻ കഴിയാത്ത ഒരു വിഭാഗം ചെറുകിട ക്ഷീരകർഷകർക്ക് സബ്സിഡി ലഭ്യമാകാതെ വരുന്നു എന്ന് മാത്രമല്ല വ്യക്തിഗത അപേക്ഷ ഇല്ലാത്തതിനാൽ ഗുണഭോക്താവിന്റെ അർഹതാ പരിശോധിക്കപ്പെടുന്നതുമില്ല. സബ്സിഡി സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖയിൽ ഇപ്രകാരമുള്ളവർക്ക് വെറ്ററിനറി സർജ്ജന്റെ സാക്ഷ്യപത്രം പ്രകാരം സബ്സിഡിക്ക് നല്കാമെന്ന് നിഷ്കർഷിക്കുന്നു. സർക്കാർ ഉത്തരവ് (കൈ) നം.22/2018 /ത.സ്വ.ഭ.വ.തീയ്യതി 14-2-2018 മാർഗ്ഗരേഖ. ഖ.6.2.8, കൂടാതെ സ.ഉ. 549/2019/തസ്വഭവ തീയ്യതി. 7-3-2019 എന്നിവ കാണുക. മേല്പ്പറഞ്ഞ ഉത്തരവ് പ്രകാരം ക്ഷീര വികസന സൊസൈറ്റികളിൽ പാലളക്കുവാൻ കഴിയാത്തവർക്ക് ഒരു ലിറ്റർ പാലിന് 4/-രൂപാ നിരക്കിൽ പരമാവധി 15000/-രൂപാ വരെ വെറ്ററിനറി സർജ്ജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ്. എന്നാൽ ഈ ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ഈ അവസരം ലഭ്യമാകുന്നില്ല. ആയതിന്മേൽ ഗ്രാമപഞ്ചായത്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്കുകളുടെ വിവിധ ബില്ലുകളിൽനിന്നായി ഒരു കരാറുകാരന് ആകെ 45,62341/-രൂപ നല്കിയിട്ടുണ്ട്. 2.5 ലക്ഷം രൂപയിലധികരിച്ചിട്ടുള്ള ബില്ലുകളായിരുന്നുവെങ്കിലും 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല. അനന്തര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നം. | പ്രവർത്തിയുടെ പേര് | നല്കിയ തുക |
|---|---|---|---|
| 1 | 643/18-1-2021 | നീലികുളമ്പ് വക്കാല റോഡ് സംരക്ഷണം | 2,38,882 |
| 2 | 644/18-1-2021 | പുത്തൻകുളമ്പ് കുന്നത്ത് റോഡ് നിർമ്മാണം | 2,36,422 |
| 3 | 645/18-1-2021 | പൊക്ലാശ്ശേരി റോഡ് നിർമ്മാണം | 4,25,607 |
| 4 | 645/18-1-2021 | അടുക്കളക്കുളമ്പ് ഞൊണ്ടുകുളമ്പ് റോഡ് സംരക്ഷണം | 3,43,438 |
| 5 | 653/19-1-2021 | പഴാർണ്ണി റോഡ് നിർമ്മാണം | 4,12,071 |
| 6 | 659/20-1-2021 | കളവപ്പാടം എസ്.സി പാടശേഖരത്തിലേക്ക് റോഡ് നിർമ്മാണം | 4,25,333 |
| 7 | 663/21-1-2021 | തിരുവറ റോഡ് സംരക്ഷണം | 3,44,847 |
| 8 | 664/21-1-2021 | കടാഞ്ചിറമുക്ക് റോഡ് കോൺക്രീറ്റ് | 2,83,872 |

| | | | |
|---|---|---|---|
| 9 | 666/23-1-2021 | ഗ്രാമകൊല്ല റോഡ് സംരക്ഷണം | 2,57,642 |
| 10 | 667/23-1-2021 | ഉപ്പുമണ്ണ് ഉണ്ടപാല റോഡ് നിർമ്മാണം | 4,23,707 |
| 11 | 668/28-1-2021 | പൊക്കലം മിച്ചഭൂമി റോഡ് കോൺക്രീറ്റ് | 4,23,707 |
| 12 | 669/28-1-2021 | പനങ്കുറ്റി റൗണ്ട് റോഡ് നിർമ്മാണം | 4,23,707 |
| 13 | 671/29-1-2021 | എർത്ത്ഡാം ഉപ്പുമണ്ണ് ഇടവഴി ഫോർമേഷൻ | 3,23,106 |
| ആകെ | | | 45,62341 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 1.6.2022 - 9.6.2022 | അനുബന്ധം 1 കാണുക |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2019-20 | 1664074 | വിവിധ പദ്ധതികൾക്കായി ലഭിച്ചത് | 16640748* | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | (മുൻവർഷങ്ങളിൽ ലഭിച്ചത്) | 680448 | വിവിധ പദ്ധതികൾക്കായി ലഭിച്ചത് | 680448* | 0 |
| | 20-21 | 200000 | അങ്കണവാടി പോഷകാഹാര പരിപാടി | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | 20-21 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |

* - പദ്ധതികൾക്കായി ലഭിച്ചതും ചെലവഴിക്കാതെ ശേഷിച്ചതുമായ തുകകൾ തിരിച്ചടച്ചത്.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് | ഏജൻസി. |
|---|---|---|---|---|
| 1 | 402/21-പൈപ്പ് ലൈൻ മാറ്റൽ | 397000(CFC) | 397000 ബിൽ നം 36/4.2.2021 | KWA PH ഡിവിഷൻ, ആലത്തൂർ |
| 2 | 21/21-സ്ട്രീറ്റ് ലൈറ്റിന് മീറ്റർ സ്ഥാപിക്കൽ | 100000(MG-NR ) | 87556 ബിൽ നം 45/18.3.2021 | കെ എസ് ഇ ബി കിഴക്കഞ്ചേരി സെക്ഷൻ |
| 3 | 251/21-മമ്പാട് കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 300000(വികസന ഫണ്ട്- ജനറൽ) | 300000 ബിൽ നം 7/30.4.2020 | KWA PH ഡിവിഷൻ, ആലത്തൂർ |
| 4 | 278/21-വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റിന് ലൈൻ ദീർഘിപ്പിക്കൽ | 1000000(CFC) | 40828 ബിൽ നം 18/10.8.2021 | KSEB , മുടപ്പല്ലൂർ സെക്ഷൻ |
| | | | 959172 ബിൽ നം 18/10.8.2021 | KSEB കിഴക്കഞ്ചേരി സെക്ഷൻ |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ മുന്നിരിപ്പ് 960000 രൂപയും, ₹.2500000/- വരവും ഉണ്ട്. ഇതിൽ നിന്നും 3180000 ചെലവഴിച്ച , 280000 രൂപ നീക്കിയിരിപ്പുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് മിഷൻ | ലഭ്യമല്ല | 2500000 | 34409412 | 2970471 | --- | 33938941 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹.87421/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-34 | 17366 | സി.കെ.ശ്രീകുമാർ | 120040100151/ 4-5-2020 |
| | 1-34 | 13123 | വി.ഡി.യേശുദാസൻ | 120040100176/ 6-5-2020 |
| | 1-34 | 16720 | വി.കെ.ശെൽവൻ | 120040100178/ 6-5-2020 |
| | 1-34 | 10847 | മോഹൻദാസ്.പി.എ | 120040100202/8-5-2020 |
| | 1-34 | 14837 | ഗോപിദാസൻ | 1200401001402/ 27-5-2020 |
| | 1-34 | 14528 | എസ്.ജിതേഷ് | 120040100488/ 4-5-2020 |
| ആകെ | | 87421 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2006-07 | 2009-10 | 3-7.5(1) | പിട്ടുക്കാരികുളമ്പ് ജലസംഭരണം-ഭൗതികലക്ഷ്യം കൈവരിച്ചില്ല | സമിതി വിഷയം പരിഗണിച്ചിട്ടില്ല. |
| 2006-07 | 2009-10 | 3-8.10(1) | ഭവന നിർമ്മാണ പദ്ധതി-860000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | സമിതി വിഷയം പരിഗണിച്ചിട്ടില്ല. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 149935361 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹. 169423956 |
| വരവിനങ്ങളിലുള്ള നഷ്ടം | -ഒന്നുമില്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -ഒന്നുമില്ല- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | -ഒന്നുമില്ല- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഒന്നുമില്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

-ഒന്നുമില്ല-

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഒന്നുമില്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഒന്നുമില്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

- ഇല്ല-

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | KSAD-PKD.11/822 /2018/06.09.2018 – അദാലത്ത് | 4 |
| 1997-98(വരവ്) | | 0 |
| 1997-98(ചെലവ്) | | 15 |
| 1998-99(വരവ്) | | 2 |
| 1998-99(ചെലവ്) | | 12 |
| 1999-2000 | | 15 |
| 2000-01 | | 9 |
| 2001-02 | | 10 |
| 2002-03 | | 7 |
| 2003-04 | | 9 |
| 2004-05 | | 5 |
| 2005-06 | | 12 |
| 2006-07 | | 5 |
| 2007-08 | LFP11/1077/15/3.8.15 | 10 |
| 2008-09 | LFP11/95/14/17.9.2015 | 11 |
| 2009-10 | LFP11/92/15/5.6.17 | 13 |
| 2010-11 | LFP11/1155/2014/11.3.13 | 19 |
| 2011-12 | KSA-PKD-11/18105 /17/22.3.17 | 14 |
| 2012-13 | KSA-PKD11/616/15/17.9.15 | 14 |
| 2013-14 &2014-15 | KSA-PKD11/1567/18/31.8.18 | 19 |
| 2015-16 | KSA.PKD.11-191/2017/3.10.17 | 19 |
| 2016-17 | KSA.PKD.11/1322 /17/19.1.2018 | 21 |
| 2017-18 | KSA.PKD-11-9/2019 /29.01.2019 | 31 |
| 2018-19 | KSA.PKD-10-1336 /2019 Dt29.01.2019 | |
| 2019-20 | KSA.PKD-11-1454/2022 Dtd.05.07.2022 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

# വാർഷികക്കണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Kizhakkanchery Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 33518564.00 |
| Cash | Cash | RP-40(a) | 2120.00 |
| | Operating | | |
| 110000000 | Tax Revenue | RP-l | 978870.00 |
| 130000000 | Rental income from Panchayat Properties | RP-3 | 42950.00 |
| 140000000 | Fees & User Charges | | 503470.00 |
| 150000000 | Sale & Hire Charges | RP-5 | 378878.00 |
| 151 000000 | Receipts from Transferred Institutions | RP-6 | 3000.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 121709306.00 |
| 171000000 | Interest Earned | RP-9 | 158458.00 |
| 320000000 | Grants, Funds & Contributions for Specific Purposes | | 16172919.00 |
| 350000000 | Other Liabilities | RP-36 | 279115.00 |
| | Non Operating | | |
| 180000000 | Other Income | RP-lO | 100109.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 330000000 | Secured Loans | RP-32 | 2500000.00 |
| 340000000 | Deposits Received | RP-34 | 260635.00 |
| 350000000 | Other Liabilities | RP-36 | 217702.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3642350.00 |
| 460000000 | Loans, Advances and Deposits | RP-47 | 2987599.00 |
| | Grand total | | 183456045.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2969771.00 |
| 220000000 | Administrative Expenses | RP-12 | 1618138.00 |
| 230000000 | Operations & Maintenance | RP-13 | 5323514.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 18209860.00 |
| 251000000 | Decentralised Plan Programme- Service Sector | RP- 16 | 33369308.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | 17 | 16175858.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 1242085.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1016000.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 36149271.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 197239.00 |
| 280000000 | Prior Period item | RP-26 | -36474.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3677147.00 |
| 350000000 | Other Liabilities | RP-36 | 6639038.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 78628.00 |
| 280000000 | Prior Period Item | RP-26 | -5360.00 |
| 340000000 | Deposits Received | RP-34 | 183710.00 |
| 350000000 | Other Liabilities | RP-36 | 1689235.00 |
| 410000000 | Fixed Assets | RP-38 | 10126232.00 |
| 412000000 | Capital work in Progress | RP-40 | 5052692.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 23879898.00 |
| 460000000 | Loans, Advances and Deposits | RP-47 | 1868166.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 13967492.00 |
| Cash | Cash | RP-40(b) | 64597.00 |
| | Grand Total | | 183456045.00 |

| | | | |
|---|---|---|---|
| | Kizhakkanchery Grama Panchayat<br><br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | 1-1 | 4749683.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 42950.00 |
| 140000000 | Fee & User Charges | 1-4(b) | 642470.00 |
| 150000000 | Sale & Hire Charges | 1-5(b) | 378878.00 |
| 151000000 | Receipts from Transferred Institutions | 1-5(a) | 3000.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br><br>Subsidies | 1-6 | 294847875.00 |
| 171000000 | Interest Earned | 1-8 | 158458.00 |
| 180000000 | Other Income | 1-9 | 100109.00 |
| | Total Income | | 300923423.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-IO(b) | 11973887.00 |
| 220000000 | Administrative Expenses | 1-11(b) | 1624162.00 |
| 230000000 | Operations & Maintenance | 1-12(b) | 5440729.00 |
| 240000000 | Interest & Finance Charges | 1-13 | 78628.00 |
| 250000000 | Decentralised Plan Programme-Productive Sector /<br><br>Programme Expenses | I— 14 | 19124410.00 |
| 251000000 | Decentralised Plan Programme-Service Sector | 1-14(a) | 92779437.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I— 14(b) | 17068455.00 |
| 253000000 | Decentralised Plan Programme-Projects not included in<br><br>Sector Division | 1-14(c) | 1299450.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I— 14(d) | 99859500.00 |
| 255000000 | Maintenance Projects | 1-14(e) | 36149271.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | 1-15(a) | 197239.00 |
| 272000000 | Depreciation | 1-17(a) | 18906229.00 |
| | Total Expenditure | | 304501397.00 |
| | Gross Surplus/ Deficit of income over Expenditure | | -3577974.00 |
| 280000000 | Prior Period Item | 1-18 | 44582.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -3622556.00 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | 1-18(a) | 0.0 |

| | Kizhakkanchery Grama Panchayat<br>BALANCE SHEET | | |
|---|---|---|---|
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | | 76942268.86 |
| 311000000 | Earmarked Funds - Special Funds/Sinking Fund,ʳrrust or Agency Fund | | 0.0 |
| 312000000 | Reserves | B-3 | 89205187.00 |
| | Total Reserve & Surplus | | 166147455.86 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | | 7006162.00 |
| | Total Grants, Contributions for Specific Purposes | | 7006162.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 33938941.00 |
| | Total Loans | | 33938941.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | | 289345.00 |
| 350000000 | Other Liabilities | | 2570240.50 |
| | Total Current Liabilities and Provisions | | 2859585.50 |
| | TOTAL LIABILITIES | | 209952144.36 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 182454610.36 |
| 411000000 | Accumulated Depreciation | B-11 | -50904009.00 |
| 412000000 | Capital Work in Progress | B-ll(a) | 696235.00 |
| | Total Fixed Assets | | 132246836.36 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 24274938.00 |
| 440000000 | Pre-paid Expenses | B-16 | 33658941.00 |
| 450000000 | Cash and Bank Balance | B — 17 | 14032089.00 |
| 460000000 | Loans, Advances and Deposits | B-18 | 5739340.00 |
| | Total Current Assets, Loans and Advances | | 77705308.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 209952144.36 |
| | | | Page No : 2 |

ഡെപ്യൂട്ടി ഡയറക്ടർ